പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1216 12.07.2016-ലെ മറുപടിക്ക്

## കാസർഗോഡ് ഡിപ്പോയിലെ സർവ്വീസുകൾ

| ചോദ്യം<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | 2006 ൽ കാസർഗോഡ് കെ എസ് ആർ ടി സി ഡിപ്പോയിൽ നിന്ന് സർവ്വീസ് നടത്തിയിരുന്ന ബസുകളുടെ എണ്ണവും അവ ഏതെല്ലാം റൂട്ടിലേക്കായിരുന്നുവെന്നും വ്യക്തമാക്കാമോ; ഓരോ വർഷം കഴിയുമ്പോഴും സർവ്വീസുകൾ കൂടുകയാണോ കുറയുകയാണോ ചെയ്തത് എന്നും സർവ്വീസുകൾ കുറയുകയാണു ചെയ്തതെങ്കിൽ അതിനുള്ള കാരണവും വ്യക്തമാക്കുമോ; ഓരോ വർഷവും റദ്ദ് ചെയ്ത സർവ്വീസുകളുടെ എണ്ണവും റൂട്ടും വെളിപ്പെടുത്താമോ; സർവ്വീസുകൾ കൂടിയതാണെങ്കിൽ ഏത് റൂട്ടിൽ ഏതെല്ലാം വർഷങ്ങളിലാണ് അതെന്നും വ്യക്തമാക്കാമാ; | (എ) | 2006-ൽ കാസർഗോഡ് കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്ന് 90 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. കാസർഗോഡ് നിന്നും കാഞ്ഞങ്ങാട്, സുളള്യ, പുത്തൂർ, ധർമ്മസ്ഥല, ബാംഗ്ലൂർ, പാണത്തൂർ, കൊന്നക്കാട്, ചിറ്റാരിക്കൽ, കണ്ണൂർ, ചെമ്പരിക്ക, ബെവൂരി, ചട്ടഞ്ചാൽ, പെരുമ്പള, കല്ലളി, ബന്തടുക്ക മുതലായ സ്ഥലങ്ങളിലേക്കാണ് സർവ്വീസ് നടത്തുന്നത്.<br>1. 2006-ൽ 90 സർവ്വീസ്<br>2. 2007-ൽ 90 സർവ്വീസ്<br>3. 2008-ൽ 100 സർവ്വീസ്<br>(കൂടുതലായി 10 മംഗലാപുരം സർവ്വീസ്)<br>4. 2009-ൽ 100 സർവ്വീസ്<br>5. 2010-ൽ 109 സർവ്വീസ്<br>(2 മംഗലാപുരം, 1 സുബ്രഹ്മണ്യ, 1 മധൂർപട്ള, 1 കോട്ടയം, 1 കണ്ണൂർ, 1 ധർമ്മസ്ഥല, 2 പുത്തൂർ)<br>6. 2011-ൽ 110 സർവ്വീസ് (01 ബാഗമണ്ഡല)<br>7. 2012-ൽ 117 സർവ്വീസ്<br>(കാഞ്ഞങ്ങാട് ഫാസ്റ്റ്, 03 മംഗലാപുരം, 01 സുളള്യ, 01 കാഞ്ഞങ്ങാട്, 01 ഇരിട്ടി)<br>8. 2013-ൽ 94 സർവ്വീസ് (24.03.2013-ാം തീയതി കാഞ്ഞങ്ങാട് ഡിപ്പോ ഉദ്ഘാടനം ചെയതതിന്റെ ഫലമായി കാസർഗോഡ് ഡിപ്പോയിൽ നിന്നും കുറച്ച് ഷെഡ്യൂളുകൾ കാഞ്ഞങ്ങാട് |

| | | | |
|---|---|---|---|
| | | | ഡിപ്പോയിലേക്ക് ഷിഫ്റ്റ് ചെയ്തതാണ് 2013-ൽ ഷെഡ്യൂളുകളുടെ എണ്ണം കുറയുവാനുള്ള കാരണം.)<br>9. 2014-ൽ 99 സർവ്വീസ് (ഈ അഞ്ച് സർവ്വീസുകൾ സ്വകാര്യ ഓപ്പറേറ്റർമാരിൽ നിന്നും ഏറ്റെടുത്ത ടേക്ക് ഓവർ സർവ്വീസുകളാണ്.<br>(കാസർഗോഡ് - കണ്ണൂർ,<br>കാസർഗോഡ് - മാനന്തവാടി,<br>കാസർഗോഡ് - ചിറ്റാരിക്കൽ,<br>കാസർഗോഡ് - പരിപ്പുത്തോട്,<br>കാസർഗോഡ് - പേരാവൂർ)<br>10. 2015-ൽ 100 സർവ്വീസ് (പുതുതായി കാസർഗോഡ് - പൈതൻമല സർവ്വീസ് ഓപ്പറേറ്റ് ചെയ്തുവരുന്നു.)<br>11. 2015-ൽ 100 സർവ്വീസ്. |
| (ബി) | കാസർഗോഡ് ബീച്ചിലേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിയിരുന്നതെപ്പോഴാണെന്നും ആയത് നിർത്തലാക്കാനുള്ള കാരണണമെന്തായിരുന്നുവെന്നും വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് ബീച്ചിലേയ്ക്ക് കെ.എസ്.ആർ.ടിസി സർവ്വീസുകളൊന്നും നടത്തിയിരുന്നില്ല. |
| (സി) | കാസർഗോഡ് ചേരങ്കൈ കടപ്പുറത്തേക്ക് കെ.എസ്.ആർ.ടി.സി എപ്പോഴാണ് ട്രയൽ സർവ്വീസ് നടത്തിയിരുന്നതെന്നും പ്രസ്തുത സർവ്വീസ് സ്ഥിരമായി നടത്താത്തത് എന്ത് കൊണ്ടാണെന്നും വ്യക്തമാക്കാമോ? | (സി) | 04.03.2016-ൽ ചേരങ്കൈ കടപ്പുറത്തേയ്ക്ക് ഒരു സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടത്തുകയുണ്ടായി. എന്നാൽ കട്ട് ചെയ്സ് ബസുപയോഗിച്ച് മാത്രമേ ടി റൂട്ടിൽ സർവ്വീസ് നടത്താൻ കഴിയുകയുള്ളൂവെന്ന് മനസിലാക്കുകയുണ്ടായി. കാസർഗോഡ് യൂണിറ്റിൽ കട്ട് ചെയ്സ് ബസിന്റെ ലഭ്യതക്കുറവ് ഉണ്ടായതുകൊണ്ടാണ് ടി സർവ്വീസ് ആരംഭിക്കാൻ കഴിയാതിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ